"വില്ലേജ് പുനഃസംഘടന"

*320 [379] ശ്രീ. പി. സി. ജോർജ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം എത്ര വില്ലേജുകൾ പുനഃസംഘടിപ്പിച്ചു ;

(ബി) ഇതിന്റെ മാനദണ്ഡമെന്ത് ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) നാളിതുവരെ 197 വില്ലേജുകൾ പുനഃസംഘടിപ്പിച്ചു.

(ബി) ജനസംഖ്യ, വിസ്തൃതി, ഭൂമിശാസ്ത്രപരമായ കിടപ്പ്, ഭരണ സൗകര്യം, പൊതുജന സൗകര്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് പുനഃസംഘടന നടപ്പാക്കിവരുന്നത്.

വയനാട് കേന്ദ്രമാക്കി ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കാൻ നടപടി

*321 [380] ശ്രീ. ടി. കെ. ഹംസ :

,, സി. ടി. കൃഷ്ണൻ :

,, സി. പി. മുസ്തഫാൻകുട്ടി :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് കേന്ദ്രമാക്കി ട്രാൻസ്പോർട്ട് കമ്പനി രൂപീകരിക്കാനുള്ള നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്പനി എന്നത്തേക്ക് രൂപീകരിക്കാൻ കഴിയും?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : (എ, ബി) ഈ കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

വാഹനങ്ങൾക്ക് നൽകുന്ന അന്തർ ജില്ലാ പെർമിറ്റുകളും താൽക്കാലിക പെർമിറ്റുകളും

*322 [381] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള :

,, സി. കെ. ചക്രപാണി :

,, സി. ടി. കൃഷ്ണൻ :

,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾക്ക് അന്തർ ജില്ലാ പെർമിറ്റുകളും താൽക്കാലിക പെർമിറ്റുകളും നൽകുന്നതിന് നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly